# പതിനാലാം കേരളനിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.86 28.02.2018 ന് മറുപടിയ്ക്ക്.

## വനപ്രദേശങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ജി.എസ്.ജയലാൽ<br>ശ്രീ.സി.ദിവാകരൻ<br>ശ്രീമതി.ഗീതാ ഗോപി<br>ശ്രീ.കെ.രാജൻ | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) വനപ്രദേശങ്ങളിൽ വൻതോതിൽ മാലിന്യ നിക്ഷേപം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) വൻതോതിലുള്ള മാലിന്യ നിക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരത്തിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ; | (ബി) മാലിന്യ നിക്ഷേപത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രചരണങ്ങൾ നടത്തുകയും അത് തടയുന്നതിന് ജീവനക്കാർ, വനസംരക്ഷണ സമിതി അംഗങ്ങൾ എന്നിവർ മുഖാന്തിരം പട്രോളിംഗ് നടത്തി മാലിന്യ നിക്ഷേപം തടയാൻ ശ്രമങ്ങൾ നടത്തുന്നുമുണ്ട്. ഒറ്റപ്പെട്ട സംഭവങ്ങളിൽ കുറ്റക്കാരെ കണ്ടെത്തി കേസ് രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) ഇക്കോട്ടൂറിസം കേന്ദ്രങ്ങളിലും വനത്തിനുള്ളിലെ ആരാധനാലയങ്ങളിലും മാലിന്യ നിർമ്മാർജ്ജനത്തിന് സ്വീകരിച്ച നടപടികൾ ഫലപ്രദമാണോയെന്ന് അറിയിക്കുമോ; | (സി) ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ മാലിന്യ നിർമ്മാർജ്ജനത്തിന് സ്വീകരിച്ച നടപടികൾ ഫലപ്രദമാണ്. എന്നാൽ വനത്തിനുള്ളിലെ തീർത്ഥാടനകേന്ദ്രമായ ശബരിമലയുമായി ബന്ധപ്പെട്ട മാലിന്യ നിർമ്മാർജ്ജനത്തിൽ അതിനുത്തരവാദിത്വപ്പെട്ട തിരുവിതാംകൂർ ദേവസ്വം ബോർഡ് സ്വീകരിച്ച നടപടികൾ തീർത്ഥാടക ബാഹുല്യം മൂലം ഫലപ്രദമല്ല. പരമ്പരാഗത കാനനപാതയിലെ മാലിന്യം വനം വകുപ്പിന്റെ നേതൃത്വത്തിൽ നീക്കം ചെയ്തിട്ടുണ്ടെങ്കിലും പ്രധാന പാതയിലും വശങ്ങളിലും സന്നിധാനത്തും പമ്പയിലും പ്ലാസ്റ്റിക് പൂർണ്ണമായി നീക്കം ചെയ്തിട്ടില്ല. വനം വകുപ്പിന് ടി കേന്ദ്രങ്ങളിൽ തീർത്ഥാടക ബാഹുല്യം,, ജീവനക്കാരുടേയും ഫണ്ടിന്റേയും കുറവ് മുതലായ കാരണങ്ങളാൽ ഫലപ്രദമായി ഇടപെടാൻ സാധിക്കുന്നില്ല. |

മിഷൻ ഗ്രീൻ ശബരിമലയുടെ ഭാഗമായി ശബരിമല പൂങ്കാവനവും തീർത്ഥാടന പാതയും മാലിന്യ മുക്തമാക്കുന്നതിനായി വനം വകുപ്പിന്റെ സഹകരണ-ത്തോടെ ശുചിത്വ മിഷൻ വിവിധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

(ഡി) ഉറവിടത്തിലും കേന്ദ്രീകൃതമായും മാലിന്യനിർമ്മാർജ്ജനം നടത്തുന്നതിന് തദ്ദേശസ്ഥാപനങ്ങളുമായി ചേർന്ന് വനം വകുപ്പ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

(ഡി) ഇത്തരത്തിൽ വനം വകുപ്പ് പ്രത്യേകം പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ.